# WEEKLY THOUGHTS OF SEPTEMBER -2015

**Week -1**



# നാവിൽ വളരുന്ന ക്രിസ്തു

ഒരിക്കൽ അമേരിക്കയിലെ റെഡ്ഇൻഡ്യൻ ഗോത്രതലവനായ കീൻ ഒരു സുവിശേഷ യോഗത്തിൽ സംബന്ധിക്കുകയും മാനസാന്തരപ്പെടുകയും ചെയ്തു.ആ യോഗം നടത്തിയ മിഷനറി അദ്ദേഹത്തിന് മാനസാന്തരത്തിനായുള്ള പ്രാർത്ഥന ചൊല്ലിക്കൊടുത്തത് മദ്യലഹരി പൂർണ്ണമായി വിട്ടുമാറാത്ത കീൻ ഏറ്റുപറഞ്ഞു. രണ്ടുദിവസം കഴിഞ്ഞ് കീൻ മിഷനറിയെ കാണുവാൻ വന്നു. എങ്ങനെയിരിക്കുന്നു എന്ന മിഷനറിയുടെ ചോദ്യത്തിന് ഹൃദയത്തിൽ തൊട്ട് കീൻ മറുപടി പറഞ്ഞു 'ഒരു കുഞ്ഞ് യേശു ഇവിടെ ജനിച്ചിരിക്കുന്നു , അതിൽ പിന്നെ ഞാൻ മദ്യം തൊട്ടിട്ടില്ല'എന്ന്. തന്റെ ഉള്ളിൽ യേശു വളർന്നുകൊണ്ടിരിക്കുന്ന വിവരം അറിയിപ്പാൻ

ഒരാഴ്ചകഴിഞ്ഞ് മിഷനറിയുടെ അടുക്കൽ അവൻ വീണ്ടും വന്നു. തന്റെ വീട്ടിലും അത് സാക്ഷിപ്പാൻ കഴിഞ്ഞതിനാൽ അവൻ സന്തുഷ്ടനായിരുന്നു. തലവേദനയാൽ ഭാരപ്പെട്ട തന്റെ ഭാര്യയുടെ തലമേൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ ലഭിച്ച വിടുതലും , തന്നെ ഉപദ്രവിച്ച ശത്രുവിനോട് സ്നേഹമായി സംസാരിപ്പാൻ കഴിഞ്ഞതും യേശു ഉള്ളിൽ  വന്നതിന്റെ തെളിവായി വീട്ടുകാർ മനസ്സിലാക്കിയത് സന്തോഷത്തോടെ അവൻ മിഷനറിയെ അറിയിച്ചു.

ക്രിസ്തു വ്യക്തികളുടെ ഉള്ളിൽ ജനിച്ചാൽ പോര വളരണം. നമ്മുടെ ഉള്ളിലെ യേശുവിനെപ്പറ്റിപറയുവാൻ നമ്മെ സഹായിക്കുന്ന ഏറ്റവും ചെറിയതും ഫലപ്രദവുമായ അവയവമാണ് നമ്മുടെ നാവ്. പരിശുദ്ധാത്മ സഹായത്തോടെ നമ്മുടെ നാവാൽ മറ്റുള്ളവരിൽ ക്രിസ്തുവിനെ വളർത്തി എടുക്കുവാൻ നമുക്ക് കഴിയണം.ഇതിന് ഒരു നല്ല ഉദാഹരണമാണ് യേശുവും ശമര്യ്യ സ്ത്രീയും തമ്മിലുള്ള സംഭാഷണം.സുഖാർ എന്ന ശമര്യ്യ പട്ടണത്തിൽ കൂടി കടന്നു പോയ യേശു യാക്കോബ് തന്റെ മകനായ യോസഫിനു നൽകിയ ഉറവയിങ്കൽ ക്ഷീണിച്ചിട്ടാണ് ഇരുന്നത്. (ഇന്നും ഈ ഉറവ സൂക്ഷിച്ചിട്ടുണ്ട്) നട്ടുച്ചനേരത്ത് വെള്ളം കോരുവാൻ വന്ന തന്റെ പ്രത്യേകത ഈ മനുഷ്യനറിയുകയില്ലല്ലോ എന്ന ധൈര്യത്തോടെയാകാം അവൾ കിണറിന്നരികെ എത്തിയത്. യെഹൂദനായ ആ മനുഷ്യൻ ശമര്യ്യ സ്ത്രീയായ തന്നോട് കുടിക്കുവാൻ ചോദിച്ചത് അവളെ അത്ഭുതപ്പെടുത്തി. താൻ ഒരു ശമര്യ്യ സ്ത്രീയാണെന്നും , യെഹൂദനായ അങ്ങ് എന്നോട് വെള്ളം ചോദിക്കുന്നതെന്ത് എന്നുള്ള അവളുടെ മറുചോദ്യത്തിന് യേശു മറുപടി നൽകി. 'നീ ദൈവത്തിന്റെ ദാനമെന്നും' കുടിപ്പാൻ ചോദിക്കുന്ന താൻ ആരെന്നും യേശു പറഞ്ഞപ്പോൾ അവളുടെ ഉള്ളിൽ ഉണ്ണിയേശു ജനിച്ചു. അതിന്റെ തെളിവാണ് 'യെഹൂദൻ' എന്ന് വിളിച്ചവൾ 'യജമാനനേ' എന്ന് വിളിച്ചത്. തുടർന്നുള്ള അവളുടെ സംശയങ്ങൾക്ക് (യോഹ:4:11,12) യജമാനന്റെ നാവിൽ നിന്നും കേട്ട വാക്കുകൾ അവളുടെ ഉള്ളിൽ യേശു വളരുവാൻ

കാരണമായി. 'ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരു നാളും ദാഹിക്കുകയില്ല' എന്ന് യേശു പറഞ്ഞപ്പോൾ ആ നീരുറവ യിൽ നിന്ന് കുടിക്കുവാൻ അവൾ ആഗ്രഹിച്ചു. യേശു അവളുടെ ഇരുണ്ടചിത്രം വെളിവാക്കിയപ്പോൾ 'യജമാനൻ' എന്ന് വിളിച്ചത് 'പ്രവാചകനായി' മാറി. സത്യവിശ്വാസികൾ എങ്ങനെ നമസ്ക്കരിക്ക ണമെന്നും യേശു അവളെ പഠിപ്പിച്ചു. ദൈവീകചിന്ത പൂർണ്ണവളർച്ച യിലായി എന്നതിന്റെ തെളിവാണ് യെഹൂദൻ എന്ന് ആരംഭിച്ച വിളി 'മിശിഹാ' വരെ എത്തിയത്. തുടർന്ന് ആത്മാവിൽ വളർന്ന വൾ താൻ എന്തിന് ഉറവയ്ക്കരികെ എത്തി എന്ന് മറന്ന് പാത്രം അവിടെ വച്ച് പട്ടണത്തിലേക്കോടി. ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ മനുഷ്യനെ വന്നു കാണ്മീൻ അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ എന്ന് പറഞ്ഞു. അവൾ താൻ ചെയ്യു ന്നത് എത്രവലിയ വേല എന്ന് അറിഞ്ഞില്ല. ഒരു പട്ടണത്തെ മുഴു വനും യേശുവിന്റെ അടുക്കൽ എത്തിച്ചു. അവൾ ചെയ്ത വേല ക്രിസ്തു അവളിൽ വളർന്നതുകൊണ്ടാണ്.

പ്രീയരേ! നിങ്ങളുടെ യേശുക്രിസ്തു വിശ്വാസത്താൽ ജനിച്ചുവോ? എങ്കിൽ ആ വ്യക്തിത്വം വളർത്തണം. നാവുകൊണ്ടുള്ള ചോദ്യാവ ലിയും , അതിന്റെ ഉത്തരവുമാണ് ക്രിസ്തു വളരുവാൻ കാരണമാ യത്. ഉള്ളിൽ യേശു വളരുമ്പോൾ അവന്റെ വാക്കുകൾ നിങ്ങൾ മറ്റുള്ളവരിലേക്ക് പകരുക അതിനായി നിങ്ങളുടെ നാവിനെ പരിശുദ്ധാത്മാവ് സ്പർശിക്കട്ടെ.

# പ്രാർത്ഥന

സ്വർഗ്ഗീയ പിതാവേ ! നാവെന്ന ചെറിയ അവയവത്തിനായി സ്തോത്രം. ഞങ്ങളുടെ നാവിൽ നിന്നുയരുന്ന വാക്കുകൾ മറ്റുള്ള വരിൽ യേശു ജനിക്കുവാനും , വളരുവാനും ഉതകുന്നതാകുവ വാൻ സഹായിക്കേണമേ. അതിനായി നിന്റെ പരിശുദ്ധാത്മാവാൽ ഞങ്ങളെ നിറയ്ക്കേണമേ.

ആമേൻ

**Santhamma Varghese**


Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind